# പെൺപാപ്പാന്മാർ

എൽസി യോഹന്നാൻ ശങ്കരത്തിൽ

വളയാത്ത വളയിട്ട കൈകളിലമർന്നതാ
ഗജവീരനതിശാന്തം നട കൊൾകാ പാതയിൽ
ചങ്ങനാശേരിയിലെയാ വിസ്തൃത വീഥിയതിൽ
തിങ്ങുന്ന ജനതതി നിർന്നിമേഷരായ് വീക്ഷിക്കെ
ഇരുവശത്തിരു യുവ സുന്ദരികൾ കൈകളിൽ
കരുതിടും വടികളാലാനയെ  നടത്തവേ
ഒരു സ്വപ്നാടനത്തിലെന്നപോലാ ഗജവീരൻ
മെരുങ്ങിയൊരാടുപോൽ നീങ്ങിടുമാ പുതുകാഴ്ച
കതിർക്കൊടിപോലുള്ളിരു പെൺകൊടികളാമന്ദം
കരിവീരനെ നയിക്കുമാ പെൺപാപ്പാന്മാരവർ !
നടപ്പാതയ്ക്കരുകിലായത്ഭുത പരതന്ത്രം
ജനാവലി തിക്കിത്തിരക്കുമാ മോഹനദൃശ്യം
പെരുത്തോരുയരമുള്ളാനയുടരികത്തായ്
കരിമ്പിൻ കോലുകൾപോലെ രണ്ടു പെൺ നരിന്തുകൾ
തരിമ്പും കൂസാതവർ കൊമ്പുകളിൽത്തഴുകിയും
വരുതിയിൽ നയിപ്പഹോ കുഞ്ജരനെ ശാന്തനായ്
തരുണീമണീ ഗാത്രത്തിൻ കാന്തിയിൽ ലയിച്ചുവോ
സുരരൂപ ലാവണ്യ ലഹരിയിൽ മയങ്ങിയോ?
വിരിഞ്ഞു വിടർന്ന ഫാലദേശം പ്രൗഢമസ്തകം
വിശറിപോൽ ശ്രവണങ്ങൾ ആലവട്ടം വീശിയും
കറുത്തു തടിച്ചു മഹാമേരുവൊത്താ ഗാത്രത്തെ
കരുത്താർന്ന ചതുഷ്ക ചരണങ്ങളിലാലസ്യാൽ
ഒരു സ്വപ്നാടകനെപോലെ സാമന്ദം നീങ്ങവേ
നിരന്നു നിന്നത്ഭുത നേത്രരായാ ജനാവലി.

വയനാടൻ മഞ്ഞൾനിറമാർന്ന കന്നിയാൾ
മലരമ്പൻ കൂമ്പും കരിമിഴിക്കോണാർന്നോൾ
അരിമുല്ലപ്പൂവൊത്ത ദന്തനിരയൊത്ത
കരിവള ചാർത്തിയ ചേലാർന്ന കൈകളിൽ
തിരിക്കും വടിയാൽ പെൺമണികൾ നിർഭയം
കരുത്തുറ്റ മദയാനെ വരുതീലാക്കെ,
പരൽമീൻ പിടയും മിഴികളിൽ ദന്തിയും
പ്രണയപരവശനോ സംശയിപ്പൂ ജനം !

കരഘോഷമില്ലാതെ ജനാവലി സാകൂതം
ദ്വിരദത്തെ മെല്ലെത്തലോടി നടത്തുമാ
ചെറുനാരീമണികൾതൻ ധീരതാ വൈശിഷ്ട്യം
പരശതം ജനതതി വീക്ഷിച്ചതത്ഭുതം!
വരവായി ഞാനുമതുവഴി യാനേരത്തിൽ
വിരവോടെ സ്തബ്ധയായ് നിലകൊണ്ടു സാകൂതം
കരിവരനേം കന്നൽമിഴികളേം ദർശിക്കെ
തരുണിമാ മാസ്മരിയിൽ ഞാനും ലയിച്ചുപോയ്.

…………..

(ചങ്ങനാശേരി എം.സി. റോഡിലെ ഒരു ദൃശ്യം)